പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ. 488

21/10/2011 ൽ മറുപടിയ്ക്ക്

## 'ആശ്വാസ കിരണം പദ്ധതി'

ചോദ്യം

ഉത്തരം

ശ്രീ. എ. എം. ആരിഫ്:
ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :
ശ്രീ. സാജു പോൾ:

ഡോ. എം.കെ. മുനീർ :
(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി)

| | |
|---|---|
| (എ) വൈകല്യദുരിതമനുഭവിക്കുന്നവരുടെ രക്ഷാകർത്താക്കൾക്ക് മുൻസർക്കാർ ഏർപ്പെടുത്തിയ 'ആശ്വാസ കിരണം' പദ്ധതിയനുസരിച്ചുള്ള ഇപ്പോഴത്തെ ധനസഹായം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; | (എ) ആശ്വാസകിരണം/എൻഡോസൾഫാൻ പദ്ധതിപ്രകാരമുള്ള ധനസഹായം പ്രതിമാസം 400 രൂപയായി വർദ്ധിപ്പിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട് |
| (ബി) സംസ്ഥാനത്ത് ശാരീരികമായോ മാനസികമായോ വൈകല്യമുള്ളവർ എത്രയാണെന്ന് വെളിപ്പെടുത്താമോ; ഇതിൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരെത്ര ; | (ബി) 2001 ലെ സെൻസസ് പ്രകാരം സംസ്ഥാനത്ത് ശാരീരികമായോ മാനസികമായോ വൈകല്യമുള്ളവർ 8,60,000 പേരുള്ളതായി കണക്കാക്കിയിരിക്കുന്നു. ഇവരിൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുടെ കണക്ക് ശേഖരിച്ചിട്ടില്ല |
| (സി) രക്ഷാകർത്താക്കൾക്ക് ഇപ്പോൾ നൽകി വരുന്ന സഹായം എത്രയാണ്; | (സി) ശാരീരികമായും മാനസികമായും വൈകല്യമുള്ള തീവ്ര പരിചരണം ആവശ്യമായ ശയ്യാവലംബരായവരെ പരിചരിക്കുന്നവർക്ക് ആശ്വാസകിരണം പദ്ധതിയിലൂടെ നിലവിൽ പ്രതിമാസം 300 രൂപ നിരക്കിൽ ധനസഹായം അനുവദിച്ചു വരുന്നു |
| (ഡി) മറ്റെന്തെല്ലാം സംരക്ഷണ പദ്ധതികളാണിവർക്കായി ഉള്ളതെന്ന് വിശദമാക്കാമോ? | (ഡി) ശാരീരിക മാനസിക വൈകല്യമുള്ളവരെ സംരക്ഷിക്കുന്ന സാമൂഹ്യക്ഷേമ വകുപ്പിലെ സ്ഥാപനങ്ങളിൽ |

| | |
|---|---|
| | ഇവർക്ക് അധിക പരിചരണം നൽകുന്നതി നാവശ്യമായ കെയർ ഗിവേർസിനെ നിയോഗിക്കുന്നതിനാവശ്യമായ സാമ്പത്തിക സഹായം കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നൽകിവരുന്നു. ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർ ക്കായി താഴെപ്പറയുന്ന പദ്ധതികൾ സാമൂഹ്യക്ഷേമവകുപ്പ് നടപ്പിലാക്കിവരുന്നു<br>1. വികലാംഗ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്<br>2. അന്ധരും അസ്ഥിസംബന്ധമായ വൈകല്യമുള്ള അഭിഭാഷകർക്കുള്ള ധനസഹായം<br>3. ഇന്റർവ്യൂ , എഴുത്തു പരീക്ഷ എന്നിവയ്ക്ക് ഹാജരാകുന്ന വികലാംഗർക്കുള്ള യാത്രാബത്ത<br>4. എൻ. ജി.ഒ നടത്തുന്ന വികലാംഗ പുനരധിവാസ കേന്ദ്രങ്ങളിലെ അന്തേവാസികൾക്ക് ഗ്രാന്റ്<br>5. വികലാംഗർക്കായുള്ള സ്ഥാപനങ്ങൾ ക്കുള്ള PWD രജിസ്ട്രേഷൻ<br>6. ആശ്വാസകിരണം പദ്ധതി<br>7. കാരുണ്യ നിക്ഷേപ പദ്ധതി<br>8. വികലാംഗ തിരിച്ചറിയൽ കാർഡ്<br>9. വികലാംഗ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ചികിത്സാ ധനസഹായം<br>10. വിവാഹ ധനസഹായം<br>11. ശാരീരികമായി വെല്ലുവിളി നേരിടുന്നവർക്ക് ഉപകരണങ്ങൾ വാങ്ങിക്കുന്നതിനും നിർമ്മിക്കുന്നതിനു മുള്ള സഹായം (ADIP)<br>12. വികലാംഗർക്കുള്ള തൊഴിൽ പരിശീലന കേന്ദ്രങ്ങൾ<br>13. വികലാംഗ ക്ഷേമ സ്ഥാപനങ്ങൾ |

R. Vijayal

സെക്ഷൻ ഓഫീസർ